പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 46 — 10/06/2014-ൽ മറുപടിക്ക്

# അതിരപ്പിള്ളി ജലവൈദ്യുതനിലയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.എ. ബേബി<br>,, പി. ശ്രീരാമകൃഷ്ണൻ<br>,, ബി.ഡി. ദേവസ്സി<br>,, കെ.വി. വിജയദാസ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) അതിരപ്പിള്ളി ജലവൈദ്യുതനിലയത്തിന്റെ പരിസ്ഥിതി അനുമതി പുന:സ്ഥാപിച്ച് കിട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) പരിസ്ഥിതി അനുമതി പുനസ്ഥാപിച്ച് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് അനുമതി ലഭിക്കാനിടയുണ്ടോ; | (ബി) കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതിക്ക് അനുമതി ലഭിക്കാനിടയുണ്ട്. |
| (സി) ഇക്കാര്യത്തിൽ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിനും പദ്ധതിയുടെ ആവശ്യകത കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ ബോദ്ധ്യപ്പെടുത്തുന്നതിനും എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിന്റെ ശുപാർശയിന്മേൽ സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡിന്റെ അഭിപ്രായം പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. |
| (ഡി) ഇക്കാര്യത്തിൽ ഹൈക്കോടതിയിൽ നിലനിൽക്കുന്ന ഹർജി തീർപ്പാക്കി കിട്ടുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | (ഡി) പരിസ്ഥിതി അനുമതി പുന:സ്ഥാപിച്ച് കിട്ടുന്ന മുറയ്ക്ക് ഹൈക്കോടതിയിൽ നിലനിൽക്കുന്ന ഹർജികളിൽ തീർപ്പുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ